# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 357    21.06.2019- ൽ മറുപടിക്ക്**

### കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) നടത്തിയിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സർവ്വേ നടത്തിയിരുന്നോ; അവരുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) 2013-14 വർഷത്തിൽ കൈത്തറി മേഖലയെ കുറിച്ച് ഒരു സർവ്വേ നടത്തുവാനായി സർക്കാർ ഉത്തരവാകുകയും സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസി(സി.എം.ഡി)നെ ഇതിനായി നിയോഗിക്കുകയും ചെയ്തിരുന്നു. 2017 ൽ സി.എം.ഡി സമർപ്പിച്ച കരട് റിപ്പോർട്ട് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും റിപ്പോർട്ടിൽ സ്വകാര്യ മേഖലയെ സംബന്ധിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുന:സമർപ്പിക്കുവാൻ ആവശ്യപ്പെട്ടകയും ചെയ്തിരുന്നു. അന്തിമറിപ്പോർട്ടിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ആസൂത്രണ ബോർഡ് സി.എം.ഡി.ക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സി.എം.ഡി സമർപ്പിച്ച ഭേദഗതി വരുത്തിയ റിപ്പോർട്ട് 23.04.2018 ൽ കൂടിയ സംസ്ഥാനതല നിരീക്ഷണകമ്മിറ്റി പരിഗണിക്കുകയും ആസൂത്രണ ബോർഡ് നിർദ്ദേശിച്ച കാര്യങ്ങൾ റിപ്പോർട്ടിൽ വന്നു എന്ന് പരിശോധിച്ച് അഭിപ്രായം നൽകുന്നതിന് ആസൂത്രണബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തു. |

സംസ്ഥാനത്തെ മുഴുവൻ കൈത്തറി മേഖലയിലും ബന്ധപ്പെട്ടിരുന്നുവെങ്കിലും 552 സ്വകാര്യ നെയ്ത്തുകാരുടെ വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നും സ്വകാര്യ നെയ്ത്തുസംരംഭകർ വിവരങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സം നിൽക്കുന്നതായും സി.എം.ഡി 23.04.2018 ൽ നടന്ന സംസ്ഥാനതല നിരീക്ഷണ കമ്മിറ്റിയെ അറിയിച്ചു.

ഭേദഗതി വരുത്തിയ അന്തിമ റിപ്പോർട്ട് സി.എം.ഡി സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) ഈ മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കിയത് മൂലം തൊഴിലാളികളെ ഈ രംഗത്തേക്ക് കൂടുതൽ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഒരു ദിവസം നിശ്ചിത അളവിൽ അധിക ജോലി ചെയ്യുന്ന കൈത്തറി തൊഴിലാളികൾക്ക് നൽകിവരുന്ന പ്രോത്സാഹന പദ്ധതിയാണ് ഉത്പാദന പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം). സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ പ്രതിദിനം തുണി നെയ്യുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടിവേതനം ലഭിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു തൊഴിലാളിക്ക് പ്രതിവാരം 1000/- രൂപ വരെ അധിക വരുമാനമായി ലഭിക്കുന്നു.

ഒരു ദിവസം 75 രൂപയ്ക്കും 150 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ദിവസവേതനം 150 രൂപയായി വർദ്ധിപ്പിച്ചു നൽകുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം.

പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കിയത് മൂലം കൂടുതൽ തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൊഴിലില്ലാത്ത യുവജനങ്ങളെ കൈത്തറിമേഖലയിൽ ആകർഷിക്കുന്നതിന് 'യുവവീവ് 'പദ്ധതിയും, നെയ്ത്തറിയാവുന്നവരും എന്നാൽ തറികൾ സ്വന്തമായില്ലാത്തവരുമായ നെയ്ത്തുകാർക്ക് വീട്ടിൽ നെയ്യുന്നതിന് 'വീട്ടിലൊരു തറി' പദ്ധതിയും ഹാന്റക്സ് മുഖേന കൈത്തറി സുരക്ഷാപദ്ധതിയും നടപ്പിലാക്കി വരുന്നു.

(ഇ) സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത് മൂലം ഈ മേഖലയിൽ ഉണ്ടായ ഉണർവ് എന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയുടെ വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **"സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി"**.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ 5000 ലധികം നെയ്ത്തു തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. കൈത്തറി മേഖലയിൽ പണിയെടുക്കുന്ന നെയ്ത്തു തൊഴിലാളികൾക്ക് കുറഞ്ഞ വേതനം ലഭ്യമായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ ടി പദ്ധതിയിൽ അംഗമായിട്ടുള്ള നെയ്ത്തുകാർക്ക് മെച്ചപ്പെട്ട വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നുണ്ട്.

2017-18 അദ്ധ്യയനവർഷം സംസ്ഥാനത്തെ 1 മുതൽ 5 വരെയുള്ള 2689 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കായി 2 ജോടി യൂണിഫോമിനായുള്ള കൈത്തറി തുണി വിതരണം ചെയ്തു. 2018-19 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ 3578 സർക്കാർ സ്കൂളുകളിൽ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി യൂണിഫോം തുണി വിതരണം ചെയ്തിട്ടുണ്ട്.

2019-20 അദ്ധ്യയന വർഷത്തേക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കും 2 ജോടി വീതം യൂണിഫോം നൽകുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലേക്കാവശ്യമായ 42.80 ലക്ഷം മീറ്റർ തുണിയുടെ ഉൽപാദന ലക്ഷ്യം കൈവരിക്കുകയും അവ സ്കൂളുകളിൽ വിതരണം ചെയ്തു വരികയുമാണ്.

സംസ്ഥാനത്ത് പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭഘട്ടത്തിൽ തറി റിപ്പയറിംഗിനും മറ്റ് ചെലവുകൾക്കുമായി ഓരോ തറിയ്ക്കും 4000/- രൂപ വീതം നൽകിയിരുന്നു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 100 കോടിയോളം രൂപ നെയ്ത്തു തൊഴിലാളികൾക്ക് കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. നെയ്ത്തു തൊഴിലാളികൾക്ക് പ്രോത്സാഹനം എന്ന രീതിയിൽ പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും കൂടുതൽ തുണി നെയ്യുന്ന നെയ്ത്തുതൊഴിലാളികളുടെ സഹകരണ സംഘങ്ങളെ ആദരിക്കുകയും, ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നു. കൂടാതെ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ദിവസം നിശ്ചയിക്കപ്പെട്ട അളവിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരാഴ്ചയിൽ പരമാവധി 1000 രൂപ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും നെയ്ത്തു തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്.

| | |
|---|---|
| (എഫ്) പ്രളയം ഈ മേഖലയിൽ ഉണ്ടാക്കിയ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ജീവിതം തിരിച്ചുപിടിക്കുന്നതിനും സർക്കാർ തലത്തിൽ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | (എഫ്) എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് 9 കൈത്തറി സംഘങ്ങളും ഒരു യാൺ ബാങ്കും പ്രളയത്തിൽ അകപ്പെട്ടു. പ്രളയത്തിന്റെ നാശനഷ്ടം വിലയിരുത്തുന്നതിനായി വ്യവസായ വകുപ്പ് പ്രതിനിധികൾ ഈ പ്രദേശം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയും എം.എൽ.എ മാർ, ജില്ലാ ഭരണകൂടം, വ്യവസായവകുപ്പ് ഉദ്യോഗസ്ഥർ, കൈത്തറി സംഘങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചന |

നടത്തുകയുമുണ്ടായി. ഇതിനെ തുടർന്ന ചേർന്ന 2 യോഗങ്ങളിലുമായി ഈ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. സർക്കാർ പദ്ധതിയിലും സി.എസ്.ആർ ഫണ്ടിലൂടെയും ലഭിക്കുന്ന ധനസഹായത്തോടെ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്ന തീരുമാനം കൈക്കൊള്ളുകയും ഇതിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. പ്രളയക്കെടുതിയിൽ 2.84 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉപയോഗ യോഗ്യമായ തറിയും തറി ഉപകരണങ്ങളും റിപ്പയർ ചെയ്തും പുതിയ തറികൾ അനുവദിച്ചും 255 തറികൾ പ്രവർത്തനക്ഷമമാക്കുകയും തൊഴിലാളികൾക്ക് പൂർണ്ണമായും ജോലി നൽകുകയും ചെയ്തു. ഈ പ്രദേശത്ത് നെയ്ത്തിന് മുന്നൊരുക്കം നടത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 2.35 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും 2019-20 സാമ്പത്തിക വർഷം ഇതിലേയ്ക്കായി സർക്കാർ വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്‌യാർഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സർക്കാരിതേര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായങ്ങൾ പ്രളയക്കെടുതിയിൽ അകപ്പെട്ട ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ലഭിച്ചിട്ടുണ്ട്. ഇവരുടെ നിർലോഭമായ സഹായങ്ങളെ തുടർന്ന് കേടുപാടുകൾ പറ്റിയ എല്ലാ തറികളും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ചേന്ദമംഗലം കൈത്തറി മേഖലയെ പൂർണ്ണമായും പുന:രുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി മേഖലയുടെ വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **"സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി".** ഏകദേശം 5000-ഓളം നെയ്ത്തു തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടി കിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു പദ്ധതിയുടെ ഭാഗമായി ആരംഭഘട്ടത്തിൽ തറി റിപ്പയറിംഗിനും മറ്റ് ചെലവുകൾക്കുമായി ഓരോ തറികൾക്കും 4000/- രൂപ വീതം നൽകിയിരുന്നു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 100 കോടിയിലധികം രൂപ നെയ്ത്തു തൊഴിലാളികൾക്ക് കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നെയ്ത്തു തൊഴിലാളികൾക്ക് പ്രോത്സാഹനം എന്ന രീതിയിൽ പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും കൂടുതൽ തുണി നെയ്യുന്ന നെയ്ത്ത് തൊഴിലാളികളെ ആദരിക്കുകയും, ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നു. കൂടാതെ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ദിവസം നിശ്ചയിക്കപ്പെട്ട അളവിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരാഴ്ചയിൽ പരമാവധി 1000 രൂപ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും നെയ്ത്തു തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്

തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി **"യുവവീവ്"** പദ്ധതിയും നടപ്പിലാക്കി വരുന്നു. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതതയും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം യുവവീവ് പദ്ധതിയ്ക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്തു അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൈത്തറി ഉൽപന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ഹാന്റക്സ് "**കൈത്തറി സുരക്ഷാ" പദ്ധതി**. കേരളത്തിലെ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് "**ബ്രാന്റിംഗ്**" നൽകുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) മായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. ഐ.ഐ.എച്ച്.റ്റി, ഹാന്റക്സ്, ഹാൻവീവ്, നിഫ്റ്റ് എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി ബ്രാന്റിംഗിനു വേണ്ടിയുള്ള ഉൽപന്നങ്ങൾ കണ്ടെത്തി വരുന്നു. ബ്രാന്റിംഗ് നടത്തുന്നതു വഴി കൈത്തറി ഉൽപന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

അംഗീകൃത നിബന്ധനകളനുസരിച്ച് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് "**പ്രൊഡക്ഷൻ ഇൻസെന്റീവായി**" ഒരാഴ്ച പരമാവധി 1000/- രൂപ നിരക്കിൽ, ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായി ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ ജോലിക്കാരുടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഓരോ സാമ്പത്തിക വർഷവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും ഉൽപാദനത്തിനുള്ള പ്രോത്സാഹനവും ഉറപ്പാക്കാൻ സാധിച്ചു.

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "**സ്വയം തൊഴിൽ സംരംഭം**". ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17,2017-18,2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200 ൽ അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗതമേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രവർത്തനമികവ് അവലോകനം ചെയ്തു കൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുക വഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് "**പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്**". 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാന തലത്തിൽ അവാർഡ് തുകയായ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50000/- രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി.

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ,അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായി വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതിയാണ് "**വീവേഴ്സ് ഫെസ്റ്റ്**". ഇതു വഴി നെയ്ത്തുകാരുടെ തൊഴിൽ വൈദഗ്ദ്ധ്യം പ്രകടമാക്കുന്നതിനായുള്ള നെയ്ത്ത് മത്സരം, അതുപോലെ ചിത്രരചന, ഡിസൈൻ എന്നീ രംഗങ്ങളിലുള്ള സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രയാസങ്ങൾ പങ്കു വെയ്ക്കാൻ ഒരു വേദിയൊരുക്കുക, സർവ്വോപരി കൈത്തറി ഉൽപന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെമ്പാടും കൈത്തറി മേഖലകൾ തിരിച്ചും ജില്ലാതലങ്ങളിലായും 20 ൽ കൂടുതൽ വേദികളിൽ നെയ്ത്തുകാരുടെ മത്സരങ്ങൾ കലാമേളകളുൾപ്പെടെ വീവേഴ്സ് ഫെസ്റ്റ് നടത്തുകയുണ്ടായി.

സ്വാഭാവികമായോ അപകടം മൂലമോ മരണം സംഭവിക്കുന്നവർക്കും മുഴുവനായോ ഭാഗികമായോ അംഗഭംഗം സംഭവിച്ചതുമായ നെയ്ത്തു കാർക്ക് പരിരക്ഷ ലഭിക്കുന്നതിനുള്ള പദ്ധതിയാണ് **മഹാത്മാ ഗാന്ധി ബങ്കർ യോജന ഇൻഷ്വറൻസ് പദ്ധതി (എം.ജി.ബി.ബി.വൈ).** ഈ പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 150 രൂപയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. ഇതിൽ നെയ്ത്തുകാരുടെ വിഹിതമായ 80 രൂപ സംസ്ഥാന സർക്കാർ നൽകി വരുന്നു. 2019-20 വർഷത്തെ ബഡ്ജറ്റിൽ 18 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻമണി വായ്പ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം യാൺ ബാങ്കുകൾക്ക് നൂൽ സംഭരിക്കാനും നെയ്ത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടുള്ള റിവോൾവിംഗ് ഫണ്ടായിട്ടാണ് മാർജിൻമണി വായ്പ നൽകുന്നത്.

അതോടൊപ്പം ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണ സംഘങ്ങൾക്കും കോമൺ വർക്ക് ഷെഡുള്ള കോട്ടേജ് ടൈപ്പ് സഹകരണ സംഘങ്ങൾക്കും വർക്ക്ഷെഡിനോട് അനുബന്ധിച്ച് സ്റ്റോർ സൗകര്യത്തോടു കൂടിയുള്ള വിശ്രമ മുറിയും പുതിയ ശുചിമുറി നിർമ്മാണത്തിനും മെയിന്റനൻസിനുമായി 5 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുന്ന പുതിയ പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വനിതകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

സെക്ഷൻ ഓഫീസർ